## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2495** **12.06.2018 ൽ മറുപടിയ്ക്ക്**

## സോളാർ പവർ പ്രോത്സാഹനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജ സംരക്ഷണത്തിനുവേണ്ടി സോളാർ പവർ പ്രോത്സാഹനത്തിന് അനെർട്ട് നടത്തുന്ന പരിപാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സോളാർ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് അനർട്ട് ഫലപ്രദമായി ഇടപെട്ടു വരുന്നു. മേൽക്കൂരകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സോളാർ- സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് നടപ്പാക്കുന്നത്. വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി.<br>വീടുകൾക്ക് ഒരു കിലോവാട്ട് മുതൽ മൂന്ന് കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ഈ പദ്ധതി വഴി 2022 ഓടുകൂടി 50 മെഗാവാട്ട് സ്ഥാപിത ശേഷി ലക്ഷ്യമിടുന്നു.<br>സൗരോർജ്ജ പവർ പ്ലാന്റിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി KSEBL ന്റെ വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്ന സോളാർ കണക്ട് പദ്ധതിയും അനെർട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്കും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ/ട്രസ്റ്റുകൾ മുതലായവയ്ക്ക് 30% കേന്ദ്ര സർക്കാർ സബ്സിഡിയും സംസ്ഥാന സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വഴി 20% സബ്സിഡിയുമാണ് ലഭ്യമാക്കിയിരിക്കുന്നത്.<br>ഈ പദ്ധതികൾ മുഖേന 2022 ഓടുകൂടി 250 മെഗാവാട്ട് സ്ഥാപിത ശേഷി ലക്ഷ്യമിടുന്നു. |

| | | |
|---|---|---|
| (ബി) ഇതിനായി എന്തൊക്കെ സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു എന്ന് വിശദമാക്കാമോ? | (ബി) | 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിതമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർമ്മാണ ചെലവിന്റെ ഏകദേശം 30% MNRE (Ministry of New and Renewable Energy) സബ്സിഡിയായി ലഭ്യമാക്കുന്ന പദ്ധതി അനെർട്ടിൽ നിലവിലുണ്ട്. കൂടാതെ ഇതിനകം രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഏകദേശം 30% MNRE സബ്സിഡിയോടുകൂടി അനർട്ട് മുഖേന ലഭ്യമാക്കിവരുന്നു. 2 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ